എൽ. പി., യു. പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി പ്രവർത്തിക്കുന്ന അൺഎയ്ഡഡ് സ്കൂളുകൾ

202 [1597] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് എൽ. പി., യു. പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി എത്ര അൺഎയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ജില്ല തിരിച്ചുള്ള കണക്ക് അറിയിക്കാമോ?

ഉത്തരം

2004-05 വർഷത്തെ കണക്ക് പട്ടികയായി ചുവടെ ചേർക്കുന്നു:

ജില്ല	ഹൈസ്കൂൾ	യു. പി. എസ്.	എൽ. പി. എസ്.	ആകെ
തിരുവനന്തപുരം	41	30	26	97
കൊല്ലം	14	17	28	59
പത്തനംതിട്ട	9	14	23	46
ആലപ്പുഴ	9	11	21	41
കോട്ടയം	23	11	32	66
ഇടുക്കി	12	7	9	28
എറണാകുളം	46	25	33	104
തൃശ്ശൂർ	31	15	23	69
പാലക്കാട്	30	10	12	52
മലപ്പുറം	77	30	14	121
കോഴിക്കോട്	24	12	13	49
വയനാട്	5	2	5	12
കണ്ണൂർ	23	20	10	53
കാസർഗോഡ്	19	5	18	42
ആകെ	363	209	267	839

ഏരിയ ഇൻറൻസീവ് പ്രോഗ്രാമിൽ (എ.ഐ.പി.) ഉൾപ്പെട്ട 35 സ്കൂളുകളുടെ (എച്ച്.എസ് 5, യു.പി.എസ്.9, എൽ.പി.എസ്.21) എണ്ണം ഇതിൽ ഉൾപ്പെട്ടിട്ടില്ല.

എസ്. എസ്. എ. പദ്ധതി പ്രകാരം ലഭിച്ച കേന്ദ്രസഹായം

203 [1599] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എസ്. എസ്. എ. പദ്ധതി എന്നാണ് കേരളത്തിൽ ആരംഭിച്ചത്;

(ബി) അദ്ധ്യാപക പരിശീലനത്തിനായി എസ്. എസ്. എ. പദ്ധതിയിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(സി) ഈ തുക മുഴുവൻ ചെലവഴിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എസ്. എസ്. എ. പദ്ധതി പ്രകാരം; എത്ര ട്രെയിനർമാരെ ആവശ്യമുണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഇ) അതിൽ എത്ര പേരെ നിയമിച്ചു;

(എഫ്) ഈ ട്രെയിനർമാരുടെ പ്രവർത്തനമികവ് വിലയിരുത്താൻ സംവിധാനം ഉണ്ടോ;

(ജി) ഇപ്രകാരം പ്രവർത്തനമികവ് പുലർത്താത്ത എത്ര ട്രെയിനർമാരെ തിരിച്ചയച്ചിട്ടുണ്ട്?

ഉത്തരം

(എ) 2002-03-ൽ.

(ബി)

വർഷം	വകയിരുത്തിയ തുക
2002-03	1738.40 ലക്ഷം
2003-04	1901.73 ,,
2004-05	1685.79 ,,
2005-06	1906.58 ,,

(സി) ഇതു മുഴുവൻ ചെലവഴിച്ചിട്ടില്ല.

(ഡി) 1368.

(ഇ) 800.

(എഫ്) ഉണ്ട്.

(ജി) തിരിച്ചയച്ചിട്ടില്ല.

എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക്

204 [1600] ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സർക്കാർ, അർദ്ധ സർക്കാർ സ്കൂളുകൾ നിറുത്തലാക്കി;

(ബി) സർക്കാർ വിദ്യാലയങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്ക് നിരക്ക് 2002-03, 2003-04, 2004-05 വർഷങ്ങളിൽ എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൊത്തം 51 സ്കൂളുകൾ നിറുത്തലാക്കിയിട്ടുണ്ട്.

(ബി) 2002-03 അദ്ധ്യയന വർഷത്തിൽ സർക്കാർ വിദ്യാലയങ്ങളിലെ കുട്ടികളുടെ കൊഴിഞ്ഞുപോക്കുനിരക്ക് താഴെ ചേർക്കുന്നു:

എൽ. പി. വിഭാഗം	1.05%
യു. പി. വിഭാഗം	0.75%
എച്ച്. എസ്. വിഭാഗം	1.52%
ശരാശരി	1.11%

2003-04, 2004-05 എന്നീ വർഷങ്ങളിലെ നിരക്ക് ശേഖരിച്ചു നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly